## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ അബൂബക്കർ കെ.പി-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം. 2479 /2016/തസ്വഭവ തീയതി, തിരുവനന്തപുരം 19/8/2016

---

പരാമർശം : 1. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.07.2014 ലെ ഇ 2-16979/2013 നമ്പർ നടപടിക്രമങ്ങൾ

2. പഞ്ചായത്ത് ഡയറക്ടറുടെ 10.05.2016 ലെ ഇ 6- 14507/16 നമ്പർ കത്ത്.

## ഉത്തരവ്

05.12.2001 പൂർവ്വാഹ്നത്തിൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ച തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ അബൂബക്കർ കെ. പി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി. പരീക്ഷ വിജയിയ്ക്കാത്തതിനാൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം പ്രൊബേഷൻ കാലയളവ് 25.01.2005 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയുണ്ടായി. 23.02.2013 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 24.02.2013 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 25.02.2013 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ അബൂബക്കർ കെ. പി എം. ഒ. പി പരീക്ഷ വിജയിച്ച 23.02.2013 ന്റെ തൊട്ടടുത്ത ദിവസമായ 24.02.2013 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 25.02.2013 വരെ പ്രൊബേഷൻ കാലയളവ് കെ.എസ് & എസ്.എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി.എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ചൂണ്ടൽ ഗ്രാമപഞ്ചായത്താഫീസ്, തൃശ്ശൂർ ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (109/ഇപിഎ 1/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ